നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 സെപ്തംബർ 26, ബുധൻ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 1979 സെപ്തംബർ 26-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ചോദ്യോത്തരങ്ങൾ. ചോദ്യം നമ്പർ 44.

കെൽട്രോൺ സ്ഥാപനങ്ങളിൽ നിലവിലുള്ള തൊഴിൽപ്രശ്നങ്ങൾ

* 41 [44] ശ്രീ. സി. വാസുദേവമേനോൻ:

,, പി. കരുണാകരൻ:

,, എം. കെ. കൃഷ്ണൻ:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപനങ്ങളിൽ നിലവിലുള്ള തൊഴിൽപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) കെൽട്രോൺ സ്ഥാപനങ്ങളിൽനിന്നും ഈയടുത്ത കാലത്ത് എത്രപേരെ പിരിച്ചുവിട്ടു; ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ;

(ഡി) പിരിച്ചുവിട്ടവരെ തിരിച്ചെടുപ്പിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) യൂണിയൻ പ്രവർത്തകർക്കെതിരെ പ്രതികാരനടപടികൾ കൈക്കൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും ഭവനനിർമ്മാണവുംവകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ അനുരഞ്ജനസംവിധാനം തർക്കവിഷയങ്ങളിൽ ഇടപെടുകയും ഇത്തരം ഇടപെടലുകൾകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കാതെ വന്നപ്പോൾ ചില തർക്കവിഷയങ്ങൾ തൊഴിൽ കോടതിക്ക് വിടുകയും മറ്റു ചിലതിനെസംബന്ധിച്ച് തുടർന്നും അനുരഞ്ജനശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ആണ്.

(സി) രണ്ടു പേരെ പിരിച്ചുവിട്ടതായി അറിയാം. ഒന്ന് ശ്രീ. നീലകണ്ഠൻ, കരകുളം യൂണിറ്റിലെ വാച്ചുമാൻ. രണ്ട്, കണ്ണൂർ യൂണിറ്റിലെ സൂപ്രവൈസർ ശ്രീ. മോഹനൻ.

(ഡി) ശ്രീ. നീലകണ്ഠന്റെ പിരിച്ചുവിടൽ തൊഴിൽ കോടതിയുടെ അംഗീകാരം പ്രതീക്ഷിച്ച് ആലപ്പുഴ ട്രൈബ്യൂണലിൽ ഇരിക്കുകയാണ്. മോഹനന്റെ പിരിച്ചുവിടൽ ഒരു തൊഴിൽ തർക്കമായി പരിഗണിച്ച് കോഴിക്കോട്ട് തൊഴിൽ കോടതിയിലാണ്.

(ഇ) മോഹനൻ യൂണിയൻ പ്രവർത്തകനാണ്. നടപടി പ്രതികാര പരമായിരുന്നോ എന്നറിയില്ല.

ശ്രീ. സി. വാസുദേവമേനോൻ: പൊതുമേഖലാസ്ഥാപനമായിട്ടുള്ള കെൽട്രോൺ സ്ഥാപനത്തിൽ യൂണിയൻ പ്രവർത്തനം നടത്തിയാൽ പ്രതികാര നടപടിയെന്ന നിലയിൽ പിരിച്ചുവിടുന്നു എന്നുള്ളകാര്യവും അതുപോലെതന്നെ ഇന്നുവരെ ലേബർ ഡിപ്പാർട്ടുമെന്റോ ഗവൺമെന്റോ ഇടപെട്ട് ഈ കെൽട്രോൺ സ്ഥാപനത്തിലെ ഒരൊറ്റ തൊഴിൽപ്രശ്നവും പരിഹരിച്ചിട്ടില്ലെന്നകാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: നിലവിലുള്ള പ്രശ്നങ്ങളെസംബന്ധിച്ചിടത്തോളം ലേബർ ഡിപ്പാർട്ടുമെന്റിന്റെ വിവിധ വകുപ്പുകൾ ഇടപെട്ടിട്ടുണ്ട്; തീർക്കുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്. പൂർണ്ണമായി ഒന്നും പരിഹരിക്കപ്പെട്ടിട്ടില്ല.

ശ്രീ. സി. വാസുദേവമേനോൻ: പൊതുമേഖലാസ്ഥാപനമായതുകൊണ്ട് അതിന്റെ മാനേജുമെന്റ് സർക്കാർ ആയതുകൊണ്ട് വ്യവസായത്തിന്റെ അഭിവൃദ്ധികൂടി കണക്കിലെടുത്തുകൊണ്ട് ഇത്തരം പ്രശ്നങ്ങളിൽ ഗവൺമെന്റിനു നേരിട്ട് ഇടപെട്ടുകൊണ്ട് പ്രശ്നങ്ങൾ പരിഹരിച്ചുകൂടെ?

ശ്രീ. എം. കെ. രാഘവൻ: അത്തരം ഇടപെടൽ ആവശ്യമാണെന്നു തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ആളുകൾക്കുകൂടി തോന്നുകയാണെങ്കിൽ അങ്ങനെ ഇടപെടാം.

ശ്രീ. പി. കരുണാകരൻ: കെൽട്രോണിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ദേശാഭിമാനി പത്രത്തിൽവന്ന റിപ്പോർട്ട് യൂണിയന്റെ നോട്ടീസ് ബോർഡിൽ ഇട്ടു എന്ന ഒരൊറ്റ കാരണത്താൽ ആണ് യൂണിയന്റെ സെക്രട്ടറിയായ ശ്രീ. മോഹനനെ പിരിച്ചുവിട്ടതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: പത്രത്തിൽ അപ്രകാരം ഒരു പ്രസ്താവന ഉണ്ടായിരുന്നതായി അറിയാം.

ശ്രീ. പി. കരുണാകരൻ: സി. ഐ. ടി. യു. മാത്രമല്ല ഐ. എൻ. ടി. യു. സി., എ. ഐ. ടി. യു. സി. ഉൾപ്പെടെയുള്ള 32 യൂണിയനുകൾ— സർവ്വീസ് സംഘടനകൾ ഈ തൊഴിലാളി യൂണിയൻ പ്രവർത്തനത്തിനെതിരായ മാനേജുമെൻറിന്റെ നടപടിക്കെതിരായി ഗവൺമെൻറ് നേരിട്ട് ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജുമെൻറിനും ഗവൺമെൻറിനും നിവേദനം നടത്തി. നേരത്തെതന്നെ കെൽട്രോണിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. മാനേജുമെൻറിന്റെ തെറ്റായ പ്രവർത്തനത്തെ ചോദ്യംചെയ്യുന്ന യൂണിയൻ പ്രവർത്തകൻമാരെ പിരിച്ചുവിടുന്നു. മുമ്പും ശ്രീ. ജനാർദ്ദനനെ പിരിച്ചുവിട്ടു. അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: ഗവൺമെൻറ് ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഗവൺമെൻറിന്റെ അനുരഞ്ജനസംവിധാനമൊക്കെയും ഇതിനകത്ത് ഇടപെട്ടിട്ടുണ്ട്. പക്ഷെ, മന്ത്രി നേരിട്ട് ഇടപെടണം, മന്ത്രിയുടെ പ്രത്യേകമായ ശ്രദ്ധ ഈ കാര്യത്തിൽ വേണമെന്ന് തൊഴിലാളികളുടെ ഭാഗത്തുനിന്ന് പ്രത്യേകമായ ഒരു ആവശ്യം ഉണ്ടാകാതിരുന്നതുകൊണ്ടാണ് അങ്ങനെ ഇടപെടാതിരുന്നത്. ഇപ്പോൾ അങ്ങനെ ആവശ്യമാണെങ്കിൽ ഇടപെടാൻ തയ്യാറാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഗവൺമെൻറിന്റെ വിവിധ അനുരഞ്ജനമെഷിനറികൾ ഇതിൽ ഇടപെട്ടു എന്നു പറയുന്നു. ഈ സ്ഥാപനത്തിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും അതുപോലെതന്നെ സെക്രട്ടറിയും ഒരാൾതന്നെയാണ്. അപ്പോൾ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിന്റെ സെക്രട്ടറികൂടിയായ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടുന്ന ഒരു പ്രശ്നത്തിൽ എങ്ങനെ അനുരഞ്ജനസംഭാഷണംവഴി പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്?

ശ്രീ. എം. കെ. രാഘവൻ: അക്കാര്യത്തിൽ ഒരു മുൻവിധി ഉണ്ടാകുന്നത് ശരിയാണെന്ന് എനിക്കു തോന്നുന്നില്ല. തൊഴിൽകാര്യവകുപ്പ് ഇടപെട്ടാൽ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. കെ. കൃഷ്ണൻ: ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. ഏതെല്ലാം പ്രശ്നങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്?

ശ്രീ. എം. കെ. രാഘവൻ: മോഹനന്റെ പിരിച്ചുവിടൽ, നീലകണ്ഠന്റെ പിരിച്ചുവിടൽ, വേജ് പോളിസിയെക്കുറിച്ചുള്ള തർക്കങ്ങൾ, ഈ തൊഴിലാളികളുടെ ജോലിക്കുള്ള വേതനം പിടിച്ചുവയ്ക്കൽ ഈ പ്രശ്നങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഈ പിരിച്ചുവിടലിന് ആധാരമായത് ദേശാഭിമാനി പത്രത്തിൽവന്ന ഒരു വാർത്ത യൂണിയന്റെ നോട്ടീസ് ബോർഡിൽ ഇട്ടതാണ്. കെൽട്രോണിലെ സഞ്ജയൻ എന്നാണ് ആ വാർത്തയുടെ തലക്കെട്ട്. കെൽട്രോണിന്റെ മാനേജിംഗ് ഡയറക്ടറായ നമ്പ്യാരുടെ അനുജനെ രണ്ടായിരമോ മൂവായിരമോ രൂപ ശമ്പളത്തിൽ നിയമിച്ചതും

LIBRARY ARCHIVES Kerala Legislative Assembly

നമ്പ്യാർ കഴിക്കുന്ന മദ്യത്തിന്റെ കണക്കുകളും ഒക്കെ ആയിരുന്നു അതിൽ ഉണ്ടായിരുന്നത്. ആ വാർത്ത യൂണിയന്റെ നോട്ടീസ് ബോർഡിൽ ഇട്ടതിനാണ് മോഹനനെ പിരിച്ചുവിട്ടത്. യൂണിയൻ പ്രവർത്തനം നടത്തിയ ഒരാളെ പിരിച്ചുവിട്ടു എന്നു പറഞ്ഞ് ലേബർ ഡിപ്പാർട്ടുമെന്റിന് ഒരു പരാതി കിട്ടിയപ്പോഴാ അത് ഒരു പ്രഹസനമാക്കി മാറ്റാനുള്ള ശ്രമമല്ലേ നടത്തുന്നത്?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെ ഒരു പ്രഹസനമാക്കാൻ ഉദ്ദേശിച്ചിട്ടില്ല. തൊഴിൽ ഉടമയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ആളാ കഴിക്കുന്ന മദ്യത്തിന്റെ അളവ് തൊഴിൽവകുപ്പ് അന്വേഷിക്കാറില്ല. ഇന്ന് എടുത്തിട്ടുള്ളതിനെക്കാളും ജാഗ്രതയായിട്ടുള്ളതും വ്യക്തിപരമായ ശ്രദ്ധചെലുത്തേണ്ടതുമായ നടപടിക്രമം വേണമെന്നുണ്ടെങ്കിൽ അപ്രകാരം ചെയ്യാൻ തയ്യാറാണ്.

ശ്രീ. എം. വി. രാഘവൻ: കെൽട്രോണിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും ഗവൺമെന്റ് സെക്രട്ടറിയും എല്ലാം ഒരാളാ. ഇങ്ങനെ ഒരു അഡ്മിനിസ്ട്രേഷൻ ലോകത്തെവിടെയെങ്കിലുമുണ്ടോ? ആ ആളിന്റെ ധിക്കാരപരമായ നടപടികളാക്കെതിരായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു തൊഴിൽ ഉടമ. ഇതിനപ്പുറമൊന്നും കാണുന്നില്ല.

ശ്രീ. എം. വി. രാഘവൻ: മാനേജിംഗ് ഡയറക്ടർ നമ്പ്യാർ, ചെയർമാൻ നമ്പ്യാർ, ഗവൺമെന്റ് സെക്രട്ടറി നമ്പ്യാർ. ഇത് ഈ വ്യവസായത്തിന്റെ നടത്തിപ്പിനു നല്ലതാണോ?

ശ്രീ. എം. കെ. രാഘവൻ: ഞാൻ വ്യവസായമന്ത്രിക്കുവേണ്ടി സംസാരിക്കുകയല്ല. തൊഴിൽവകുപ്പു മന്ത്രി എന്ന നിലയിൽ തൊഴിൽവകുപ്പിന്റെ കാര്യങ്ങളാണ് പറയുന്നത്. ഈ കാര്യങ്ങളാ അങ്ങനെ ആകാമോ ഇല്ലയോ എന്ന് വ്യവസായ മന്ത്രി ആണ് പറയേണ്ടത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: പിരിച്ചുവിടൽ ഉണ്ടായിക്കഴിഞ്ഞാൽ തൊഴിലാളികളെസംബന്ധിച്ചിടത്തോളം വളരെയധികം പ്രയാസങ്ങളുണ്ടാകും. വളരെയധികം നീണ്ടുപോകും തീരുമാനമുണ്ടാകാൻ. ഇതൊന്നു ചുരുക്കാനും പെട്ടെന്ന് തൊഴിലാളികളെ റീഇൻസ്റ്റേറ്റുചെയ്യാനും വേണ്ടി പബ്ലിക് സെക്ടറിലെങ്കിലും ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഈ കാര്യം പരിഗണിച്ചിട്ടുണ്ടെന്നുള്ളതിന്റെ തെളിവാണ് രണ്ടുദിവസം മുമ്പ് ഒരു നിയമംതന്നെ ഇവിടെ പാസാക്കിയത്.

ശ്രീ. സേവ്യർ അറയ്ക്കൽ: വ്യവസായവകുപ്പുമന്ത്രിയാണ് ഇതു കൈകാര്യം ചെയ്യേണ്ടതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കൂട്ടുത്തരവാദിത്വം എത്രയുണ്ടെന്നു ഇതിൽനിന്നു മനസ്സിലാക്കാം. ഈ സ്ഥാപനം ഉണ്ടായ കാലംമുതൽതന്നെ ഇവിടത്തെ മാനേജുമെന്റിനെക്കുറിച്ചും തൊഴിലാളികളോടുള്ള സമീപനത്തെക്കുറിച്ചും തൊഴിൽനയത്തെക്കുറിച്ചുമെല്ലാം ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ളതാണ്. പൊതുജനങ്ങൾ പറഞ്ഞിട്ടുള്ളതാണ്, പത്രങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ഇതേക്കുറിച്ചെല്ലാം അന്വേഷിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഈ ചോദ്യോത്തരസമയത്ത് ഇങ്ങനെ പറഞ്ഞതിനുപരിയായി മറ്റൊരു സന്ദർഭത്തിലും ഇങ്ങനെയൊരു കമ്മിറ്റിയുടെ കാര്യം പറഞ്ഞിട്ടില്ല.

ശ്രീ. എസ്. ത്യാഗരാജൻ: കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് കൺസിലിയേഷൻ കോൺഫ്രൻസുകളിൽ പങ്കെടുക്കുന്നതിനു ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നുണ്ടോ? ഇല്ലെങ്കിൽ പൊതുമേഖലാസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർ ഇത്തരം യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കാൻവേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: തൊഴിൽത്തർക്കപ്രശ്നം സംബന്ധിച്ചുള്ള യോഗങ്ങളിൽ പ്രസൻറാകുന്നതിനു മുൻകൂട്ടിയുള്ള യാതൊരനുവാദവും വേണ്ട. തന്നെയുമല്ല, പലപ്പോഴും തൊഴിലുടമ കൺസിലിയേഷൻ പ്രൊസീഡിംഗ്സിൽ പങ്കാളികളാകുന്നില്ല എന്നുള്ളതു മനസ്സിലാക്കി അങ്ങനെ ചെയ്യണമെന്നു പറഞ്ഞു ബന്ധപ്പെട്ട മന്ത്രി ലേബർ ഡിപ്പാർട്ടുമെൻറിനു നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: നോട്ടീസ് ബോർഡിൽ ഈ ഒരു നോട്ടീസ് കാരണം യൂണിയൻ സെക്രട്ടറിയുടെ പേരിൽ നടപടിയെടുക്കുകയെന്നു പറഞ്ഞാൽ സാധാരണഗതിയിലുള്ള യൂണിയൻ പ്രവർത്തനങ്ങളെ നിഷേധിക്കലല്ലേ? അതിനെ ആ രീതിയിൽ കാണുന്നുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: സാധാരണ അങ്ങനെയാണ്. യൂണിയൻ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന യൂണിയൻ പ്രവർത്തകനായ സെക്രട്ടറിയുടെ പേരിൽ നടപടിയെടുക്കുക എന്നുള്ളതു വിക്ടിമൈസേഷനായിട്ടാണറിഞ്ഞുവരുന്നത്. പക്ഷേ ഓരോ കേസിന്റെയും കൂടുതൽ വിവരങ്ങളറിയുമ്പോഴും മാത്രമേ അത് വിക്ടിമൈസേഷനാണോ അതോ കൂടുതൽ പ്രകടമായ മറ്റു കാര്യങ്ങളുടെ അടിസ്ഥാനത്തിലാണോ എന്നറിയുന്നത്. ഞാനതിന്റെ ഡീറ്റെയിൽസിലേക്കൊന്നും കടന്നിട്ടില്ല. അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പൊതുമേഖലാസ്ഥാപനങ്ങളുടെ എംപ്ലോയർ ഗവൺമെൻറായതുകൊണ്ട് അവിടത്തെ കൺസിലിയേഷൻ നടപടികളുടെ ചുമതല ഗവൺമെൻറ് വഹിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: കൺസിലിയേഷന്റെ ചുമതല ഗവൺമെൻറ് വഹിക്കണമെന്നു പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല. കൺസിലിയേഷൻ പ്രൊസീഡിംഗ്സിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻമാരാണ് ഹാജരാകേണ്ടത്. അധികാരമില്ലാത്ത ആളുകളെ കൺസിലിയേഷൻ പ്രൊസീഡിംഗ്സിൽനിന്നു പുറത്താക്കേണ്ട ചുമതല കൺസിലിയേഷൻ ആഫീസർക്കുള്ളതാണ്. അതു ചൂണ്ടിക്കാണിക്കേണ്ട കാര്യമേ ഉള്ളു.

ശ്രീ. കെ. സി. വാമദേവൻ: കേരളത്തിലെ ഇതര പൊതുമേഖലാസ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടിക്ക് കടകവിരുദ്ധമായി യൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്കെതിരായി കർശനമായ, പ്രതികാരവാഞ്ഛയോടുകൂടിയ പ്രവർത്തനം ഈ സ്ഥാപനം നിരന്തരമായി നടത്തുന്നു എന്നതു മനസ്സിലാക്കിയെങ്കിലും അതില്ലായ്മചെയ്യാൻ ലേബർ വകുപ്പ് മുൻകൈയെടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത്തരം കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. അക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനും ഗവൺമെൻറ് തയ്യാറാണ് എന്നു നേരത്തെ വ്യക്തമാക്കിയതാണ്.

ശ്രീ. ചടയൻ ഗോവിന്ദൻ: കണ്ണൂർ കെൽട്രോൺ സ്ഥാപനത്തിൽ നിന്നു പിരിച്ചുവിടപ്പെട്ട മോഹനൻ എന്ന ചെറുപ്പക്കാരന്റെ പ്രശ്നം കോഴിക്കോട് തൊഴിൽക്കോടതിയിലാണുള്ളതെന്നു പറഞ്ഞു. തൊഴിൽക്കോടതിയിൽച്ചെല്ലുന്ന കേസുകൾക്ക് വളരെയധികം കാലതാമസമുണ്ടാകുമെന്നുള്ളതു നമുക്കെല്ലാമറിയാം. തൊഴിൽക്കോടതിയിൽ വിടുന്നതിനു മുമ്പുള്ള എല്ലാ കൺസിലിയേഷൻ നടപടികളും കഴിഞ്ഞതിനുശേഷമാണോ അവിടേക്ക് വിട്ടത്?

ശ്രീ. എം. കെ. രാഘവൻ: മറ്റൊരു തൊഴിൽപ്രശ്നം തൊഴിൽക്കോടതിയിൽ നിലനിൽക്കുന്ന അവസരത്തിലാണ് മോഹനന്റെ പേരിൽ നടപടിയെടുത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡൊമസ്റ്റിക് എൻക്വയറി കഴിഞ്ഞു ശിക്ഷ കൊടുത്തശേഷം അംഗീകാരത്തിനുവേണ്ടി തൊഴിൽക്കോടതിയിലേക്ക് വിട്ടു എന്നാണെന്റെ ഓർമ്മ. തൊഴിൽക്കോടതിയിൽ ചെല്ലുന്നതിനുമുമ്പ് കൺസിലിയേഷൻ മെഷിനറിക്ക് ഇടപെടാനുള്ള സൗകര്യമുണ്ടായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള റിസർവേഷൻ വർദ്ധനവ്

* 42 [45] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടിക വർഗ്ഗങ്ങളിലേക്ക് ഈയിടെയായി എന്തെങ്കിലും സമുദായക്കാരെക്കൂടി ഉൾപ്പെടുത്തിയതുകൊണ്ട് ഓരോ വിഭാഗത്തിലും മുമ്പുണ്ടായിരുന്ന റിസർവേഷൻ വർദ്ധിപ്പിക്കുവാൻ വല്ല നടപടിയും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തെല്ലാം?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ഓമ്മോ ഉരൻ കാളാശ്ശേരി):

(എ) പുതുതായി ഒരു സമുദായത്തേയും ഇതുവരെ പട്ടികജാതി–പട്ടികവർഗ്ഗലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏകീകൃതസ്വഭാവം വരുത്താനായി പട്ടികജാതി–പട്ടികവർഗ്ഗങ്ങളിൽപ്പെട്ട ചില സമുദായങ്ങളെ 27–7–1977 മുതൽ പ്രാബല്യത്തിൽവന്ന കേന്ദ്രഗവൺമെൻറ് നിയമപ്രകാരം പരസ്പരം മാറ്റിയിട്ടേയുള്ളു. അതുകൊണ്ട് പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള സംവരണശതമാനം വർദ്ധിപ്പിക്കാൻ തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) ഉദ്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly